LIBRARY ARCHIVES Kerala Legislative Assembly

വിട്ടുകൊണ്ട് നിയമമുണ്ടായിക്കഴിഞ്ഞു. ഇനിയിത് നടപ്പിലാക്കേണ്ടത് കേരളത്തിലെ സർവകലാശാലകളിലാണ്. അതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അത് നിയമസഭയുടെ പരിഗണനയ്ക്ക് വരാനിരിക്കുകയാണ്. ലൈബ്രറി കൗൺസിലിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനക്രമങ്ങൾ പി.എസ്.സി.ക്ക് വിടാനുള്ള തീരുമാനം സ്വാഗതാർഹമാണെന്ന് വിയോജനക്കുറിപ്പിൽ സമ്മതിച്ചിട്ടുണ്ട്. വ്യവസ്ഥകൾ ചേർത്തിട്ടില്ല. പി.എസ്.സി.-യുമായി കൂടിയാലോചിക്കാൻ മാത്രമേ വ്യവസ്ഥയുള്ളൂ എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. ചട്ടങ്ങൾ ഉണ്ടാകുന്നതിനുള്ള വ്യവസ്ഥ ഖണ്ഡിക 4 (1)-ൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. മാത്രമല്ല ചട്ടങ്ങൾ ഉണ്ടാകുന്നതിന് ഇത്തരമൊരു നിയമം ആവശ്യമായി വന്നതിനാലാണ് ഈ ബിൽ സഭയിൽ കൊണ്ടുവരേണ്ടിവന്നത്. നിയമനം നടത്തുന്ന രീതി സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഉണ്ടാക്കുന്നതും പി.എസ്.സി.യുമായി കൂടിയാലോചിച്ച് മാത്രമേ ചെയ്യാൻ പാടുള്ളൂ. ഭരണഘടനയുടെ 320 (3) അനുച്ഛേദത്തിൽ കൂടിയാലോചിക്കേണ്ടതാണ് എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

XIII റൂളിംഗ്

ക്രമപ്രശ്നം അനുവദിക്കാത്തത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിന്റെ ചർച്ച അവസാനിക്കാറായപ്പോൾ ചില അംഗങ്ങൾ ബഹളമുണ്ടാക്കിയത് നിർഭാഗ്യകരമായിപ്പോയി. എല്ലാവരും ഒരുമിച്ച് എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കി. ബഹുമാനപ്പെട്ട ഒരു കക്ഷി നേതാവിനോട് അതെന്താണെന്ന് ചോദിച്ചു. ഈ ബില്ലുമായി ഒരു ബന്ധവുമില്ലാത്ത കാര്യത്തെപ്പറ്റിയുള്ള വിവരമാണ് ചോദിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറയുന്നില്ല എന്നും പറഞ്ഞു കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങളോട്

ഇരിക്കാൻ ആവശ്യപ്പെട്ടിട്ടും ഇരിക്കാത്ത സാഹചര്യത്തിലാണ് മറ്റ് നടപടികളിലേയ്ക്ക് ചെയർ കടന്നത്. വ്യക്തമായ ഏതെങ്കിലും ചട്ടലംഘനമുണ്ടായാൽ മാത്രമേ റൂൾ 303 അനുസരിച്ച് ഒരു ക്രമപ്രശ്നം ഉന്നയിക്കാവൂ. ഇവിടെ അങ്ങനെയുണ്ടായില്ല. വെറുതെ ബഹളമുണ്ടാക്കുന്നതിന് ക്രമപ്രശ്നമുന്നയിക്കുകയെന്നത് ഒന്നിന്റെയും ലംഘനമല്ല. അതുകൊണ്ടാണ് ചെയർ അനുവദിക്കാതിരുന്നത്. അവസാന നിമിഷം ഇത്തരത്തിൽ ഒരു സംഭവമുണ്ടായതിൽ ചെയറിന് വിഷമമുണ്ട്. ദയവുചെയ്ത് ഇത്തരത്തിലുള്ള സംഭവങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 12-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.42-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly